## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ
ചോദ്യം നമ്പർ : *576

08.07.2014-ലെ മറുപടിയ്ക്ക്

# ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ ഗ്രാമീണ കാർഷിക തൊഴിൽ പ്രവൃത്തി പരിചയ പരിപാടി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. അൻവർ സാദത്ത് :**<br>**ശ്രീ. ബെന്നി ബെഹനാൻ :**<br>**ശ്രീ. വർക്കല കഹാർ :**<br>**ശ്രീ. കെ. ശിവദാസൻ നായർ :** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) സയൻസ് ആന്റ് ടെക്നോളജി വകുപ്പിന് കീഴിൽ ഗ്രാമീണ കാർഷിക തൊഴിൽ പ്രവൃത്തി പരിചയ പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) ഉണ്ട്. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാന സർക്കാരിന്റെ കൃഷി വകുപ്പുമായി സഹകരിച്ച് 'അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി' (ATMA) പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന ഗ്രാമീണ കർഷകർക്ക് സസ്യപ്രജനന പരിപാലന രീതികളിൽ പ്രവൃത്തി പരിചയം നൽകി വരുന്നു. കമ്മ്യൂണിറ്റി അഗ്രോ ബയോടെക് റിസോഴ്സ് സെന്റർ (CARC) മുഖേന കൃഷിയുമായി ബന്ധപ്പെട്ട ചെറുകിട ബയോ ടെക്നോളജി പരിശീലന പരിപാടികൾ ചെയ്തുവരുന്നുണ്ട്. |
| (ബി) പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ; | (ബി) കർഷകർക്ക് ചെടികളുടെ വിവിധ പ്രജനന രീതികൾ പഠിക്കാനുള്ള അവസരവും കൃഷി രീതികളിൽ ബയോ ടെക്നോളജിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുമുള്ള അവസരവുമാണ് ഒരുക്കുന്നത്. ഇതിലൂടെ ഗ്രാമീണ ജനതയുടെ സാമൂഹിക സാമ്പത്തിക വികസനമാണ് ലക്ഷ്യമാക്കിയിരിക്കുന്നത്. |

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പരിപാടിയുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കേരള സർക്കാരിന്റെ കൃഷി വകുപ്പിൻ കീഴിലുള്ള 'ATMA' സെന്ററുകൾ, CARC എന്നിവ ടി പരിപാടിയുമായി സഹകരിക്കുന്നു.

(ഡി) ഏതെല്ലാം മേഖലകൾക്കാണ് ഇതിന്റെ ഗുണങ്ങൾ ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

(ഡി) ഗ്രാമീണ കർഷകർക്ക് ശാസ്ത്രീയമായ സസ്യപ്രജനനവും പരിപാലനവും മനസ്സിലാക്കുവാൻ സാധിക്കുന്നു. ഗ്രാമീണ കൃഷി രീതികളിലും ബയോ ടെക്നോളജിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

**സെക്ഷൻ ഓഫീസർ**